


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ശ്ലീഹ മൂന്നാം ഞായർ

2022
ജൂൺ 19




# കാലത്തെ അതിജീവിച്ച സുവിശേഷം

പുറ 23:20-26; യോനാ 4:1-11; റോമാ 15:14-21; ലൂക്ക 9:1-6

ശിഷ്യരെ അയച്ചിട്ടു രണ്ടായിരം വർഷങ്ങൾ കഴിഞ്ഞു. പല തലമുറകൾ കടന്നു അവർ ഇപ്പോഴും സുവിശേഷം പ്രസംഗിക്കുകയും, ജീവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ലോക ചരിത്രത്തിൽ ഇതേവരെ ഇത്രയും കാലം നീണ്ട പ്രഘോഷണം വേറൊരു മതത്തെക്കുറിച്ചോ ആശയത്തെ കുറിച്ചോ ഉണ്ടായിട്ടുണ്ടാകില്ല. ലോകത്തെ ഏറ്റവും സ്വാധീനിച്ച വിശേഷവും ക്രിസ്തുവിന്റേതു തന്നെയാണ്. പ്രഘോഷകർക്കു ഇടർച്ച ഉണ്ടായിട്ടുണ്ടങ്കിലും, പ്രഘോഷിക്ക പ്പെടുന്ന വചനങ്ങൾക്കു ഇടർച്ചയില്ല എന്നതാണ് കാലാതിവർത്തിയായ സുവിശേഷത്തിന്റെ പ്രസക്തി.

രണ്ടായിരം വർഷത്തെ പ്രഘോഷണ യാത്രക്കിടയിൽ എത്രയേറെ മാറ്റങ്ങൾ ലോകത്തു സംഭവിച്ചു? കലാകാല ത്തോളം നിലനിക്കുമെന്നു കരുതിയ ആശയങ്ങളും പ്രസ്ഥാനങ്ങളും സാമ്രാജ്യങ്ങളും തകർന്നടിഞ്ഞു. നിങ്ങൾ ലോകമെങ്ങും പോയി പ്രസം ഗിക്കുവിൻ എന്ന് പറഞ്ഞുവിട്ടവൻ കൊടുത്തയച്ച സ്നേഹ സുവിശേഷം നൂറ്റാണ്ടുകൾക്കുശേഷവും നിലനിന്ന് പോകുകയാണ്. നമ്മൾ അനുവർ ത്തിക്കുന്ന വിശ്വാസവും ആത്മീയ ജീവിതവും രണ്ടായിരം കൊല്ലങ്ങളായി കോടിക്കണക്കിനു ആളുകൾക്കു പ്രചോദനവും അനുഗ്രഹവും ആശ്വാസവും നല്കിയതാണെന്ന അറിവ് തന്നെ, നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നതാണ്.

രണ്ടായിരാമാണ്ടിനു മുമ്പുള്ള രണ്ടായിരം വർഷങ്ങൾ കൊണ്ട് ഉണ്ടായതിയലധികം മാറ്റങ്ങൾ, കഴിഞ്ഞ ഇരുപതു വർഷങ്ങൾ കൊണ്ട് ഉണ്ടായിട്ടുണ്ട്. ആ മാറ്റങ്ങളൊക്കെയും നമ്മുടെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്. എങ്കിലും ക്രിസ്തുവിന്റെ സുവിശേഷം മാറ്റമില്ലാതെ തുടരുന്നു. ഇന്നത്തെ കാലത്താണ് യേശു സുവിശേഷ പ്രവർത്തനത്തിന് ശിഷ്യരെ അയക്കു ന്നതെങ്കിൽ കൊടുക്കുന്ന നിർദേശങ്ങൾ കുറച്ചുകൂടി വ്യത്യസ്തമായിരുന്നേനെ എന്ന് തോന്നുന്നു. നിങ്ങൾ സുവിശേഷം പ്രസംഗിക്കുമ്പോൾ




ഡോ. പി വി ബൈജു

ഇടയ്ക്കിടെ ഫോണിൽ നോക്കരുത്, മറ്റുള്ളവരോട് ചോദിക്കാതെ അവരുടെ ഫോട്ടോകൾ എടുക്കരുത്, അപകീർത്തികരവും അസത്യവുമായ കാര്യങ്ങൾ സോഷ്യൽ മീഡിയയിലൂടെ പങ്കുവെക്കരുത്, ഏതെങ്കിലും നാട്ടുകാർ നിങ്ങളെ സ്വീകരിച്ചില്ലെങ്കിൽ അവരെ കുറിച്ച് സോഷ്യൽ മീഡിയയിൽ മോശമായി ഒന്നും എഴുതരുത്, എന്നിങ്ങനെ ഒക്കെ ആയിരിക്കാം സോഷ്യൽ മീഡിയ കാലത്തെ ശിഷ്യരോടുള്ള നിർദേശങ്ങൾ. ഇതൊക്കെ തന്നെയാണ്, ഇക്കാലത്തും സുവിശേഷ വേലക്കായി നമുക്ക് ചെയ്യാവുന്നതും.

## സ്വയം സാക്ഷ്യമാകുന്നവർ

ഒരിക്കൽ ഒരു രാജാവ് തന്റെ രാജ്യത്തെ ദൂര ദേശങ്ങളിലെക്കു യാത്ര പോയി. തിരിച്ചു വന്നപ്പോൾ രാജാവിന്റെ കാലിന് ആകെ വേദന. ഉടനെത്തന്നെ അദ്ദേഹം കല്പന പുറപ്പെടുവിച്ചു, രാജ്യത്തെ വഴികൾ മുഴുവനും തുകൽ കൊണ്ട് വിരിക്കാൻ. എത്രയേറെ മൃഗങ്ങളെ കശ്ശാപ്പ് ചെയ്താലാണ് നാട്ടിലെ വഴികൾ മുഴുവൻ വിരിക്കാനുള്ള തുകൽ കിട്ടുക! രാജ സദസ്സിലെ പ്രമുഖരെല്ലാം അങ്കലാപ്പിലായി. അപ്പോഴാണ് ബുദ്ധിമാനായ ഒരു സേവകൻ പറഞ്ഞത്, രാജ്യത്തെ റോഡുകളൊക്കെ തോൽ വിരിക്കുന്നതിനുപകരം രാജാവ് തോൽ കൊണ്ട് ഒരു പാദുകം ധരിച്ചാൽ പോരെ? നമ്മുടെ ചുറ്റുപാടുകൾ എല്ലാം മാറ്റാൻ ശ്രമിക്കുന്നതിനു മുൻപ് നമ്മളെത്തന്നെ മാറ്റുമ്പോൾ, കുറെയേറെ മാറ്റങ്ങൾ ജീവിതത്തിലും സമൂഹത്തിലും ഉണ്ടാകും.

നമ്മൾ അനുദിനം വ്യാപരിക്കുന്ന സുഖകരവും സൗകുര്യപ്രദവുമായ ജീവിതത്തിൽനിന്നും മാറി നടക്കേണ്ടി വരുമ്പോഴാണ്, വഴികളിൽ മുള്ളുകൾ കാണുന്നത് - പുതിയ ജീവിത രീതികളും, അപരിചതരായ മനുഷ്യരുടെ സ്വഭാവവും മറ്റും. ജീവിതത്തിന്റെ യാഥാർഥ്യങ്ങളെ മാറ്റുവാൻ കഴിഞ്ഞില്ലെങ്കിലും അവയെ കാണുന്ന രീതി നമുക്കു മാറ്റാൻ കഴിയുമല്ലോ. സമാനമായ കഷ്ടപ്പാടുകൾ ജീവിതത്തിൽ വരുമ്പോൾ ചിലർ തളരുന്നതും, വേറെ ചിലർ പിടിച്ചു നിൽക്കുന്നതും, യാഥാർഥ്യത്തെ കാണുന്നതിനുള്ള വ്യതാസം കൊണ്ട് കൂടിയാണല്ലോ.

കുറച്ചൊക്കെ തമാശയായി അവതരിപ്പിക്കുന്ന ഒരു കാര്യം ശരിയാണ് - ലോകം മാറ്റാൻ രണ്ടു വഴികൾ ഉണ്ട് : ആദ്യം സ്വയം നന്നാവുക, പിന്നെ അവനവൻ നന്നാവുക. വലിയൊരു ലോകം നന്നാവാൻ ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ സ്വയം നന്നാവുക എന്നു കുഞ്ഞുണ്ണി മാഷ്. ഒരു അപ്പൻ നല്ല അപ്പൻ ആയാൽ അത് തന്നെയാണ് ഒരു അപ്പന്റെ ജീവിത സാക്ഷ്യം. വിദ്യാർത്ഥികൾക്ക് പ്രചോദനവും വഴിവിളക്കും ആകുന്ന അധ്യാപകൻ ആയാൽ അത് തന്നെയാണ്, ഒരു അധ്യാപകന്റെ ജീവിത സാക്ഷ്യം. മറിച്ചു, വിദ്യാർത്ഥികളുടെ വെറുപ്പ് സമ്പാദിക്കുന്ന ഒരു അധ്യാപകൻ പള്ളിയിലെ എത്ര വലിയ ആളായാലും, കൊടുക്കുന്ന ജീവിത സാക്ഷ്യം നേർവിപരീതമായിരിക്കും. അതെ, മനുഷ്യരുമായുള്ള ഇടപെടലിലൂടെയാണ് നാം മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കുന്നത്. തങ്ങൾ വ്യാപരിക്കുന്ന മേഖലയിൽ ഏറ്റവും മികച്ചത് നൽകുക എന്നത് തന്നയെയാണ് ജീവിതസാക്ഷ്യത്തിന്റെ ആദ്യപടി.

## എന്റെയല്ല, എന്റെയല്ല ദൈവമേ ഇത് നിന്റെ മഹത്വമാണ്.

പൗലോസ് റോമക്കാരോട് തന്റെ സുവിശേഷ വലയെ കുറിച്ച് പറയുന്നിടത്തു രണ്ടു കാര്യങ്ങൾ പ്രസക്തമാണ്. ഒന്ന് ദൈവത്തിന്റെ കൃപ എന്നെ വിജാതീയർക്കുവേണ്ടി യേശുക്രിസ്തുവിന്റെ ശുശ്രൂഷകൻ ആക്കിയിരിക്കുകയാണ്. (റോമാ 15:15). രണ്ട്, ഞാൻ വഴി ക്രിസ്തു പ്രവർത്തിച്ചവയൊഴികെ ഒന്നിനെക്കുറിച്ചും സംസാരിക്കാൻ ഞാൻ തുനിയുകയില്ല. അഹംഭാവം പൂർണമായും ഒഴുകി തീർന്നുപോയ ഒരു ചരിത്ര പുരുഷന്റെ വാക്കുകളാണ് ഇത്. സഭ പടുത്തുയർത്തിയത് പൗലോസ് ആണ്. റോമാ സാമ്രാജ്യത്തിലെ സൈന്യാധിപൻ ആയിരുന്ന ഒരാൾക്ക് അതൊരു വെല്ലുവിളിയെ അല്ല. പക്ഷെ ഒരു രാജ്യത്തെ സൈന്യാധിപനിൽ നിന്നും, കർത്താവിന്റെ ശിഷ്യനായി മാറുമ്പോൾ കൂടിവരുന്നത് എളിമയും, ഇല്ലാതാകുന്നത് അഹംഭാവവുമാണ്. 'ഞാനായിട്ട് പടുത്തുയർത്തിയ...' എന്ന രീതിയിലുള്ള പ്രസ്താവനകൾ സഭയുടെ അകത്തുനിന്നുള്ളവരിൽനിന്നും കേൾക്കുമ്പോൾ, പൗലോസിനെ ഓർക്കുന്നത് നല്ലതാണ്. എന്നിൽ കുടികൊള്ളുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയിലാണ് കാര്യങ്ങൾ ചെയ്യുന്നത് എന്നറിയാമെങ്കിലും, നാവിൽ നിന്നും പുറപ്പെടുമ്പോൾ ഇതൊക്കെ ഞാൻ ചെയ്തതായി വരുത്തിതീർക്കുന്ന പ്രക്രിയയിൽ നിന്നിനിയും മോചനം കിട്ടണമെങ്കിൽ, ഞാനെന്ന ഭാവത്തെ മൊത്തത്തിൽ ഊറ്റിക്കളയേണ്ടതുണ്ട്.

ഇന്ത്യ കണ്ട ജനകീയ രാഷ്ട്രപതിമാരിൽ ഒരാളായ അബ്ദുൽ കാലം താൻ ഇന്ത്യയുടെ ബഹിരാകാശ പരീക്ഷണങ്ങളുടെ ചുമതല വഹിച്ചിരുന്ന കാലങ്ങളിലെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ ആൽമകഥയായ 'അഗ്നി ചിറകുകളിൽ' പ്രതിപാദിക്കുന്നുണ്ട്. ഏതെങ്കിലും ബഹിരാകാശ പരീക്ഷണങ്ങൾ വിജയിച്ചു കഴിയുമ്പോൾ നടത്തപെടുന്ന പത്രസമ്മേളനങ്ങളിൽ മുഖ്യമായും സംസാരിക്കുന്നതു ആ പ്രോജക്റ്റിന്റെ ടീം ലീഡറും അംഗങ്ങളും ആയിരിക്കും. എന്നാൽ ഏതെങ്കിലും പ്രൊജക്ടുകൾ പരാജയപ്പെട്ടാൽ അബ്ദുൽ കാലം തന്നെ നേരിട്ട് മാധ്യമങ്ങളെ കാണും. നേട്ടങ്ങൾ മുഴുവനും തന്റെ സഹപ്രവർത്തകർക്ക് നൽകുകയും, പരാജയങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന ഒരു നേതാവിന്റെ ഒരു ശൈലി ആണത്.

നമ്മുടെ സമൂഹത്തിൽ പലരും വർണ്ണിക്കുന്ന നേട്ടങ്ങളുടെ പിറകിൽ അദൃശ്യമായ ചില പ്രിവിലേജുകളും പ്രവർത്തിക്കുന്നുണ്ടെന്ന് കാണാം. ഒരാൾക്ക് തന്റെ അധ്വാനം കൂടാതെ, സമൂഹത്തിലെ നിലനിൽക്കുന്ന വ്യവസ്ഥിതി വഴി കിട്ടുന്ന അനുകൂല്യങ്ങളെയാണ് പ്രിവിലേജുകൾ എന്ന് പൊതുവിൽ പറയുന്നത്. കേരളത്തിലെ സാഹചര്യത്തിൽ ആണായി പിറന്നാലുള്ള പ്രിവിലേജ് ആണ് രാത്രിയിൽ ഒറ്റക്ക് സഞ്ചരിക്കാമെന്നത്. കേരളത്തിൽ പുരോഹിതർക്ക് ലഭിക്കുന്ന ബഹുമാനവും ഒരു പ്രിവിലേജ് ആണ്. ഉന്നത നേട്ടമാണ് വിവരിക്കുന്ന പലരുടെയും പിറകിൽ ഇത്തരത്തിലുള്ള പ്രിവിലേജുകൾ പ്രവർത്തിക്കുന്നുണ്ട്. കുടുംബപശ്ചാത്തലം, മതം,



ജാതി, മാതാപിതാക്കളുടെ വിദ്യാഭ്യാസം, അവരുടെ ജോലി, ചരിത്രപരമായി ഒരാളുടെ കുടുംബമോ, സമൂഹമോ നേരിട്ട ചൂഷണം, അധികാരസ്ഥാപനങ്ങളുമായി കുടുംബത്തിനുള്ള ബന്ധങ്ങൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ ഒരാളുടെ ജീവിതത്തിന്റെ ഗതിയെ നിർണയിക്കുന്നുണ്ട്. 'നിങ്ങൾ നഗരത്തിലെ ഏറ്റവും വിലയേറിയ പ്രദേശത്തു, വളരെയേറെ നേട്ടങ്ങൾ കൊയ്ത മാതാപിതാക്കൾക്ക് ജനിച്ചു വളർന്നെങ്കിൽ, ജീവിത വിജയത്തെക്കുറിച്ചും, നൈതികതയെക്കുറിച്ചും നിങ്ങൾ പറയുന്നതിൽ വലിയ കഥയൊന്നുമില്ല' എന്നുള്ളതാണ് സത്യം. കാരണം അത്തരത്തിലുള്ളവർ, നേടിയെടുത്തതിൽ അവരുടെ വ്യക്തിപരമായ നേട്ടത്തേക്കാളുപരി, അവരുടെ സാഹചര്യങ്ങളുടെ സംഭാവനയാണ്. ശുപാർശ വഴി അഡ്മിഷൻ നേടി, കാരണവന്മാരുടെ കയ്യിലെ കാശും കൊടുത്തു സമുദായ സ്ഥാപനത്തിൽ ജോലിക്കു ചേർന്നതിനുശേഷം, താൻ കൈവരിച്ച നേട്ടം എന്ന രീതിയിൽ എല്ലാവരോടും മേനി നടിക്കുമ്പോൾ, ഒരാൾ തന്റെ കഴിവിൽ അല്ല, തന്റെ പ്രിവിലേജിൽ ആണ് അഹങ്കരിക്കുന്നത്; അത്തരം പ്രിവിലേജുകൾ ഇല്ലാത്ത മറ്റുള്ളവരെ നോക്കി കൊഞ്ഞനം കുത്തി കാണിക്കലാണ്. ഇനി അതും കഴിഞ്ഞു, ഇത്തരത്തിലുള്ളവർ സമൂഹത്തിലെ അനീതിയെക്കുറിച്ചു സംസാരിക്കുക കൂടി ചെയ്യുമ്പോഴാണ്, തങ്ങളുടെ പ്രിവിലേജിനെ ശരിക്കും മാർക്കറ്റ് ചെയ്യുന്നത്. വേറൊരർത്ഥത്തിൽ, സമൂഹത്തിലെ നിലനിൽക്കുന്ന അനീതിയുടെ ഫലമായിട്ടു കൂടിയാണ്, ചിലരെല്ലാം ജീവിതത്തിൽ വിജയം നേടുന്നത്. ഈ സാമൂഹിക വശത്തെ, ആത്മീയ തലത്തിൽ പൗലോസ് കൃത്യമായി പറയുകയാണ് ഇന്നത്തെ ലേഖനഭാഗത്ത്. ഇതൊക്കെ ചെയ്യുന്നത് ഞാനാണെന്ന് നിങ്ങൾക്ക് തോന്നുമെങ്കിലും, ദൈവം എനിക്ക് നൽകിയ കൃപയുടെ ധൈര്യത്തിലാണ് ചില കാര്യങ്ങൾ ചെയ്യുന്നത്. (റോമാ 15 : 14 ). ഇത്തരം ചില തിരിച്ചറിവുകൾ സ്വന്തം ജീവിതത്തിൽ ഉണ്ടാകുന്നതും, തങ്ങളുടെ ജീവിതത്തിന്റെ സാക്ഷ്യത്തിൽ പെടുന്നതാണ്.

## ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുന്ന മലയാളികൾ

ലോകത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തും മലയാളികൾ കുടിയേറിയിട്ടുണ്ട്. അതിലേറെ സ്ഥലങ്ങളിലേക്ക് മലയാളികൾ സുവിശേഷകരായും എത്തിയിട്ടുണ്ട്. നമ്മുടെ ഇടവകകളിൽ നിന്നും ഇന്ത്യയുടേയും ലോകത്തിന്റെ പല ഭാഗങ്ങളിലും, എത്രമാത്രം മിഷനറിമാരാണ് പ്രവർത്തിക്കുന്നത്. മാത്രവുമല്ല, അതിൽ പലരും പല സഭകളുടെയും നേതൃത്വ സ്ഥാനം വഹിക്കുകയും ചെയ്യുന്നുണ്ട്. ഒരു സുഹൃത്ത് ഒരിക്കൽ പറഞ്ഞതുപോലെ, നാട്ടിൻപുറത്ത് ലോകം കാണാതെ ജീവിതം കഴിച്ചു പോകേണ്ടിവരുമായിരുന്ന നമ്മുടെ നാട്ടിലെ സാധാരണ സ്ത്രീകളാണ് ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്ന പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാരായി വിരാജിക്കുന്നത്. പത്താം ക്ലാസ്സിൽ കഷ്ടി ഇംഗ്ലീഷിന് പാസ്സായവർ ഇംഗ്ലീഷ് മാത്രമല്ല മൂന്നാലു ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നു. നാട്ടിലെങ്ങാനും കഴിഞ്ഞിരുന്നെങ്കിൽ, ജില്ല വിട്ടു ആകെ വേളാങ്കണ്ണി വരെ മാത്രം പോകുമായിരുന്ന പലരും, കന്യാസ്ത്രീകളും, അച്ചന്മാരും ആയപ്പോൾ, ഇപ്പോൾ തന്നെ ലോകത്തിലെ മിക്കവാറും എല്ലാ വൻകരകളിലും യാത്ര ചെയ്തു കഴിഞ്ഞു. മിഷനറിമാരായി പോയിട്ടുള്ളവർ കൈവരിച്ച നേട്ടങ്ങളും നമുക്ക് ഉണ്ടാക്കി തന്നിട്ടുള്ള സൽപ്പേരും ബന്ധങ്ങളും കത്തോലിക്കാ സമൂഹത്തെ മാത്രമല്ല, കേരളത്തെ ആകമാനം വളർത്തുവാൻ സഹായിച്ചിട്ടുണ്ട്.

സുവിശേഷവേല ആത്മീയ ഉണർവിനു മാത്രമല്ല, സമൂഹത്തിന്റെ വിദ്യാഭാസപരവും സാമൂഹികവും സാമ്പത്തികവും ആയ ഉന്നതിക്കും വഴി തെളിച്ചിട്ടുണ്ട് എന്നർത്ഥം. ഇന്ത്യയിലെന്നല്ല, ലോകത്തിന്റെ പല ഭാഗത്തും സാമൂഹിക നീതിക്കുവേണ്ടിയും സാമൂഹിക പരിവർത്തനത്തിനുവേണ്ടിയും സുസ്ഥിര വികസനത്തിനുവേണ്ടിയും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുവേണ്ടിയും സ്ത്രീ ശാക്തീകരണത്തിനുവേണ്ടിയും പ്രവർത്തിക്കുന്നവരിൽ കത്തോലിക്കാ സന്യസ്തരും കത്തോലിക്കാ പ്രസ്ഥാനങ്ങളും മുൻപന്തിയിലുണ്ട്. പലതരത്തിലും വിമർശിക്കപ്പെടുമ്പോഴും, അയക്കപ്പെട്ട ശിഷ്യന്റെ തീക്ഷ്ണതയോടെ മിഷൻ വേല ചെയ്യുന്ന മിഷനറിമാരിലും കൂടിയാണ് ഈ ലോകത്തിന്റെ ഭാവി നെയ്തെടുക്കപെടുന്നത്. രണ്ടായിരം വർഷങ്ങൾ അതിജീവിച്ച സ്നേഹത്തിന്റെയും കരുണയുടെയും സുവിശേഷം ഇനിയും എത്രയോ മനുഷ്യരെ നന്മയുടെയും പ്രതീക്ഷയുടെയും തീരത്തേക്ക് നയിക്കാനിരിക്കുന്നു.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com